Reg. No .................... Name .............................. **24U215**

**B. A./B. Sc. DEGREE END SEMESTER EXAMINATION - MARCH 2024**

**SEMESTER 2 - MALAYALAM (ADDITIONAL LANGUAGE)**

COURSE : **19U2CCMAL2A - KAVITHA**

*(For Regular - 2023 Admission and Improvement / Supplementary - 2022/2021/2020/2019 Admissions)*

Time : Three Hours Max. Marks: 75

**PART A**
**Answer All (1 mark each)**

1. മഴതൻ മറ്റേതോ മുഖം കൃതി ആരുടേതാണ്?
2. വീട്ടിലേക്കുള്ള വഴി ആരുടെ കവിതയാണ്?
3. "പാറിവന്ന് കൊത്തിയില്ല പേടിയെന്ന കാക്ക" ഏത് കവിതയിലെ വരികൾ?
4. കൂരിരുട്ടിന്റെ കിടാത്തി,യെന്നാൽ സൂര്യപ്രകാശത്തിനുറ്റ തോഴി, ആരെ കുറിച്ചാണ് ഈ പരാമർശം?
5. ഭൂതക്കട്ട എന്ന കവിതാസമാഹാരം എഴുതിയതാര്?
6. ജലം കൊണ്ട് മുറിവേറ്റവർ എന്ന പേരിൽ ലോർക്കയുടെ കവിതകൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതാര് ?
7. നരകത്തിലേക്ക് ഒരു ടിക്കറ്റ് കവിതാസമാഹാരം എഴുതിയതാര്?
8. ഉജ്ജയിനിയിലെ രാപ്പകലുകൾ എഴുതിയതാര്?
9. മുഖമെവിടെ എന്ന കവിതയുടെ രചയിതാവ് ആര്?
10. കുരുക്ഷേത്രം എന്ന കാവ്യത്തിന്റെ കർത്താവ് ആര്?

**(1 x 10 = 10)**

**PART B**
**Answer any 8 (2 marks each)**

11. ''രക്തപുഷ്പങ്ങൾ വിടർത്തുന്നവൻ, പക്ഷെ, തിക്ത -
 തിക്തമേ രസം, ഗന്ധഹീനമാണിതളെല്ലാം''- പരാമർശം ആരെക്കുറിച്ച് ?
12. കൊടുമുടിയുടെ മുകളിൽനിന്ന് പാറ കാണുന്ന കാഴ്ചകൾ എന്തെല്ലാം?
13. വിജയലക്ഷ്മി എന്ന എഴുത്തുകാരിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക?
14. "കിളി ഇപ്പോൾ പൊറുക്കുകയില്ല /തന്നെത്തന്നെ ആവും വിധം വീശി കൊണ്ടിരിക്കുകയാണ്." ആശയം വിശദീകരിക്കുക?
15. നിശബ്ദതയിൽ കിളുർക്കുന്ന വിത്ത് നീ
 നിശ്ചല ഛായയിൽ തീനാളമാകുന്നു - ആശയം വിശദീകരിക്കുക.
16. അകറ്റി നിർത്തിയിട്ടും കാക്ക എന്തൊക്കെ ചെയ്യുന്നു എന്നാണ് കവി പറയുന്നത്?
17. "മന്നവ, മറന്നാലുമിത്തണൽ, തളർന്നെന്തിനിങ്ങണയുന്നൂ" ആശയം വിശദീകരിക്കുക?
18. കുരീപ്പുഴ ശ്രീകുമാർ എന്ന സാഹിത്യകാരനെ പരിചയപ്പെടുത്തുക?
19. “സ്വതന്ത്രമായവ വളർന്നതല്ലോ സ്വച്ഛം പല പല വടിവിൽ” ആശയം വിശദീകരിക്കുക?
20. "എന്തു കുഴഞ്ഞാട്ട,മെന്തു നോട്ടം ,എന്തു പരിഭവ,മെന്തൊരിഷ്ടം" ആരുടെ ഇഷ്ടത്തെപ്പറ്റിയാണ് ഇവിടെ പ്രതിപാദിക്കുന്നത്? കാരണമെന്ത്?

**(2 x 8 = 16)**

**PART C**
**Answer any 5 (5 marks each)**

21. നാഗരികസംസ്കൃതിയുടെ കടന്നുവരവിനെ 'മാമ്പഴപ്പാത' എന്ന കവിതയിൽ ആവിഷ്ക്കരിക്കുന്നതെങ്ങനെ?
22. സമകാലിക സമൂഹത്തിൽ വൈലോപ്പിള്ളിയുടെ 'കാക്ക' എന്ന കവിതയുടെ പ്രസക്തി എന്ത്?
23. 'പരനിന്ദ വീശുന്ന വാളിനാൽ ചൂളിപ്പോകാ
 പരകോടിയിൽച്ചെന്ന പാവന ദിവ്യസ്നേഹം - ആശയം വിശദമാക്കുക.

24. സൂര്യകാന്തി എന്ന കവിതയിലെ ദാർശനികത ജി. ശങ്കരക്കുറുപ്പ് എന്ന കവിയുടെ കൊടിയടയാളമാണ്. വ്യക്തമാക്കുക?

25. നിസ്സാരതകളിൽ നിന്നും മഹാകാശങ്ങൾ സൃഷ്ടിക്കുന്ന ഉത്തരാധുനിക കവിയാണ് വീരാൻകുട്ടി. 'പറക്കം' എന്ന കവിതയെ മുൻനിർത്തി വിശദീകരിക്കുക?

26. ഉത്തരാധുനിക മലയാള കവിതയുടെ സവിശേഷതകൾ പ്രകടമാകുന്ന കവിതയാണ് കീരി.വിശദീകരിക്കുക?

27. ജാതിവ്യത്യാസത്തിന്റെ രാഷ്ട്രീയം 'എന്ത് ശുത്തി ഏത് ശുത്തി' എന്ന നാടൻപാട്ടിൽ പ്രതിഫലിപ്പിക്കുന്നത് എങ്ങനെ? വിവരിക്കുക.

**(5 x 5 = 25)**

## PART D

## Answer any 2 (12 marks each)

28. "സ്നേഹത്തിൻ ഫലം സ്നേഹം ജ്ഞാനത്തിൻ ഫലം ജ്ഞാനം "- സ്നേഹം ഒരു ജ്ഞാനം എന്ന വിഷയത്തിൽ സൂര്യകാന്തി എന്ന കവിത മുൻ നിർത്തി ഉപന്യസിക്കുക?

OR

29. പുരാണകഥാസന്ദർഭത്തിന്റെ സ്ത്രീവീക്ഷണത്തിലുള്ള പുനർവായനയാണ് കൗസല്യ - വ്യാഖ്യാനിക്കുക?

30. ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ കളയും വിളയുമായി ഇനം തിരിക്കുന്ന മനുഷ്യവിമൂഢതയാണ് "കളകൾ " എന്ന കവിത. വിശദീകരിക്കുക?

OR

31. വർത്തമാനകാല മനുഷ്യന്റെ സ്വാർത്ഥതയുടെ മനോഭാവത്തെ "നാറാണത്ത് പാറ"എന്ന കവിതയിൽ എങ്ങനെയാണ് അവതരിപ്പിക്കുന്നത്? വിശദീകരിക്കുക.

**(12 x 2 = 24)**